(സി) ഏത് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു നടപടി എന്നും അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(ഡി) 13 വർഷം എംപാനലായി ജോലി ചെയ്ത് ജോലിയിൽ കൃത്യനിഷ്ഠ കാട്ടിയ ഈ കണ്ടക്ടറെ തിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.യിലെ ഒരു ഉന്നത ഉദ്യോഗസ്ഥനോട് ബസ്സിനുള്ളിൽ വച്ചും നെയ്യാറ്റിൻകര ബസ് സ്റ്റേഷനിൽ വച്ചും പ്രകോപനമില്ലാതെ അപമര്യാദയായി പെരുമാറുകയും അന്വേഷണ ഉദ്യോഗസ്ഥന്റെ നേർക്ക് ധിക്കാരപരമായ വാക്കുകൾ പ്രയോഗിക്കുകയും ചെയ്തു എന്ന കാരണത്താലാണ്.

(സി) നെയ്യാറ്റിൻകര യൂണിറ്റിലെ കൺട്രോളിംഗ് ഡ്യൂട്ടിയിലുള്ള ഇൻസ്പെക്ടർമാരായ സർവ്വശ്രീ. എസ്. രാമചന്ദ്രൻ, മോഹൻകുമാർ, ചന്ദ്രൻ എന്നിവർ 5-5-2005-ൽ നടന്ന സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്തുകയും കെ. എസ്. ആർ. ടി. സി.യിലെ എം. ജയകുമാർ, ഡിപ്പോ എൻജിനീയറോട് 5-5-2005-ൽ ബസ്സിനുള്ളിൽവച്ചും നെയ്യാറ്റിൻകര ബസ് സ്റ്റേഷനിൽവച്ചും ശ്രീ. ശ്രീകുമാരൻ തമ്പി അവഹേളനപരമായി പെരുമാറുകയും സംസാരിക്കുകയും ചെയ്തുവെന്നും അവരുടെ സാന്നിദ്ധ്യത്തിലും ടി പ്രവൃത്തി തുടർന്നുവെന്നും റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടി കണ്ടക്ടറെ ഡ്യൂട്ടിയിൽ നിന്നും പിരിച്ചുവിട്ടത്.

(ഡി) തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി.യിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവർ

81 [3595] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ആകെ എത്ര ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ പണിയെടുക്കുന്നു; തസ്തികകളുടെ പേരും, ഓരോ തസ്തികയിൽ ഉള്ളവരുടെ എണ്ണവും വെളിപ്പെടുത്തുമോ;

(ബി) കെ. എസ്. ആർ. ടി. സി. യിൽ എത്ര എംപാനൽ ജീവനക്കാരും എത്ര താൽക്കാലിക ജീവനക്കാരും പണിയെടുക്കുന്നു; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരിൽ എത്ര പേരെ എന്നത്തേക്ക് സ്ഥിരപ്പെടുത്തുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യിൽ 22,843 സ്ഥിരം ജീവനക്കാർ വിവിധ തസ്തികകളിൽ 1-7-2005-ലെ കണക്കനുസരിച്ച് ജോലി ചെയ്യുന്നുണ്ട്. തസ്തിക കളുടെ പേരും, എണ്ണവും തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ചേർക്കുന്നു.†

(ബി) എംപാനൽ ലിസ്റ്റിൽ 9,927 പേരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശമില്ല.

കാർഷിക കടങ്ങൾക്ക് മോറട്ടോറിയവും പലിശ ഇളവും പ്രഖ്യാപിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനം

82 [3596] *ശ്രീ. എ. കെ. ബാലൻ:*

„ *കോടിയേരി ബാലകൃഷ്ണൻ:*

„ *ടി. കെ. ദേവകുമാർ:*

„ *എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങൾക്ക് മോറട്ടോറിയവും പലിശ ഇളവും പ്രഖ്യാപിച്ചു കൊണ്ടുള്ള സർക്കാർ തീരുമാനം നടപ്പിലാക്കിയ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ചെലവായ തുക സർക്കാർ റീ ഇംബേഴ്സ് ചെയ്ത് കൊടുത്തിട്ടുണ്ടോ;

(ബി) 2001-ലെ കേരള കാർഷിക കടക്കാർ താൽക്കാലിക ആശ്വാസ ആക്ട് നടപ്പിലാക്കിയതുവഴി സഹകരണ സ്ഥാപനങ്ങൾക്ക് മൊത്തം എന്തുതുക റീ ഇംബേഴ്സ് ചെയ്ത് കിട്ടേണ്ടതായിട്ടുണ്ട്; എന്തുതുക നൽകുകയുണ്ടായി;

(സി) ഇപ്രകാരം സംഘങ്ങൾക്ക് സർക്കാരിൽനിന്നും കിട്ടേണ്ട തുക എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly